**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **17-03-2022 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിലെ താൽക്കാലിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ താൽക്കാലിക ജീവനക്കാരെ പുതുതായി നിയമിക്കുന്നത് വിലക്കിക്കൊണ്ട് ധനകാര്യ വകുപ്പിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | താൽക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ സ്പാർക്കിൽ ടെമ്പററി എംപ്ലോയി നമ്പർ നൽകാത്തതാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് തടസ്സമെന്ന് ജലഗതാഗത വകുപ്പ് പറയുന്നതിൽ വസ്തുതയുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (ബി) | 29.07.2016 ലെ സ.ഉ(പി)നം.109/2016/ധന, 30.09.2019 ലെ പരിപത്രം നം82/2019/ധന, 06.10.2020 ലെ പരിപത്രം നം 56/2020/ ധന എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് സ്പാർക്കിൽ താത്കാലിക ജീവനക്കാരെ രജിസ്റ്റർ ചെയ്യുന്നത്. ടി ഉത്തരവുകൾക്കു വിധേയമായി സ്പാർക്കിൽ ലഭ്യമാകുന്ന സ്പാർക്ക് ഐ.ഡി കൾക്ക് എല്ലാം തന്നെ സ്പാർക്ക് (പി.എം.യു) വകുപ്പിൽ നിന്ന് അനുമതി നൽകി വരുന്നുണ്ട്. സർക്കുലർ നമ്പർ 56/2020/ഫിൻ, തീയതി 06/10/2020 പ്രകാരം താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ Temporary Employee Number മുഖേന നിയമന ഉത്തരവ് സഹിതം സ്പാർക്കിൽ നൽകിയാൽ മാത്രമേ പുതിയ ദിവസവേതന ജീവനക്കാരനെ ചേർക്കുന്നതിന് സാധിക്കുകയുള്ളൂ. സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ, ബോട്ട് സ്രാങ്ക്, ബോട്ട് ഡ്രൈവർ, ബോട്ട് ലാസ്കർ എന്നീ ലൈസൻസുകളുള്ള ആളുകളെ സ്ഥിരജീവനക്കാരുടെ അഭാവത്തിൽ മാത്രമാണ് ബന്ധപ്പെട്ട സ്റ്റേഷൻ മാസ്റ്റർമാർ ഡ്യൂട്ടിക്കായി നിയോഗിക്കുന്നത്. സർവീസ് മുടക്കം ഒഴിവാക്കുന്നതിനായി അടിയന്തിര ഘട്ടത്തിൽ അപ്പോൾ ലഭ്യമാകുന്ന ലൈസൻസുള്ള ദിവസവേതനക്കാരെയാണ് പലപ്പോഴായി ഉപയോഗിച്ചു വരുന്നത്. ഒരു ജീവനക്കാരനെ സ്ഥിരമായി ഉപയോഗിക്കുന്ന രീതിയല്ല അവലംബിച്ചു വരുന്നത്. ബോട്ടുകളുടെ ഷെഡ്യൂളുകളെ അടിസ്ഥാനപ്പെടുത്തി സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ മാത്രമാണ് താൽക്കാലികക്കാരെ ആവശ്യമെങ്കിൽ ഉപയോഗിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇക്കാരണത്താൽ ഓരോ തവണയും വ്യത്യസ്തരായ ആളുകളെയാണ് വിവിധ തസ്തികകളിലായി പ്രയോജനപ്പെടുത്തി വരുന്നത്. ടി ദിവസവേതനക്കാരെ ഇക്കാരണത്താൽ നിയമന ഉത്തരവ് മുഖേന സ്പാർക്കിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യമുണ്ട്. ടി വിഷയത്തിൽ ഗതാഗത വകുപ്പ് മുഖേന പ്രൊപോസൽ ലഭ്യമാക്കുന്നപക്ഷം ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ